

വിശകലനം/
ഫഹ്മീ ഹുവൈദി

# അന്നാപൊളിസിലെ ചതിയും ദുരന്തവും

**അന്നാപൊളിസ്** സമ്മേളനം ഫലസ്ത്വീനികൾക്കൊരു ദുരന്തവും അറബികൾക്കു മുഴുവൻ അപമാനവുമാണ്. ജൂതകുടിയേറ്റവും വിഭജന മതിൽ നിർമാണവും നിർത്തിവെച്ചതായും വെസ്റ്റ് ബാങ്കിലെ സൈനിക ചെക്ക് പോസ്റ്റുകൾ നീക്കം ചെയ്തതായും ഇസ്രയേലീ പ്രധാനമന്ത്രി യഹൂദ് ഒൽമെർട്ട് പ്രഖ്യാപിക്കുന്നതുവരെ താൻ അന്നാപൊളിസ് സമാധാന സമ്മേളനത്തിൽ പങ്കെടുക്കില്ലെന്ന് ഫലസ്ത്വീൻ അതോറിറ്റി പ്രസിഡന്റ് മഹ്മൂദ് അബ്ബാസ് പ്രഖ്യാപിച്ചിരുന്നതാണ്. ഖുദ്സ്, ഫലസ്ത്വീൻ അഭയാർഥികൾ, അതിർത്തികൾ, ജൂതകുടിയേറ്റം, സുരക്ഷ എന്നീ മർമ പ്രധാന പ്രശ്നങ്ങളുടെ അന്തിമ പരിണതി നിർണയിക്കുന്ന ഒരു അടിസ്ഥാന രേഖയുണ്ടെങ്കിലേ സമ്മേളനത്തിൽ പങ്കെടുക്കൂ എന്നും അദ്ദേഹം ആവർത്തിച്ചിരുന്നു. അന്താരാഷ്ട്ര നിയമങ്ങൾ, ഐക്യരാഷ്ട്രസഭാ പ്രമേയങ്ങൾ, അറബ് സമാധാന പദ്ധതി എന്നിവക്കനുസൃതമായി ചർച്ചക്ക് വ്യക്തമായ അടിസ്ഥാനങ്ങളുണ്ടാവേണ്ടത് അനിവാര്യമാണെന്ന് വിവിധ അറബ് തലസ്ഥാനങ്ങളിൽനിന്ന് ആർജവമുള്ള പ്രസ്താവനകളും വന്നു. 1967-ലെ അതിർത്തികളിലേക്കു മടങ്ങണമെന്ന് പറയുന്ന രക്ഷാസമിതിയുടെ 242-ാം പ്രമേയവും അഭയാർഥികളുടെ മടക്കത്തെക്കുറിച്ച യു.എന്നിന്റെ 194-ാം പ്രമേയവും അറബ് രാജ്യങ്ങൾ ആവശ്യപ്പെട്ട ചർച്ചയുടെ അടിസ്ഥാനങ്ങളിൽ പെടുന്നു. ഭൂമിക്കു പകരം സമാധാനം എന്ന ആശയം മുന്നോട്ടുവെക്കുന്ന, അബ്ദുല്ല രാജാവ് മുൻകൈയെടുത്ത് സമർപ്പിച്ച അറബ് സമാധാന പദ്ധതിയിൽ അമേരിക്കയുടെ റോഡ്മാപ്പ് പദ്ധതി സമാധാന ചർച്ചയുടെ അടിസ്ഥാനമല്ലെന്ന് വ്യക്തമാക്കിയിരുന്നതാണ്.

നിലപാടിൽ ആർജവം പ്രകടിപ്പിച്ചതോടൊപ്പം സമാധാനം പുലരാൻ അന്നാപൊളിസിലേതു പോലൊരു അവസരം വരാനില്ലെന്നും അബൂമാസിൻ (മഹ്മൂദ് അബ്ബാസ്) ആവർത്തിച്ചുകൊണ്ടിരുന്നു. സമാധാനത്തിന്റെ പുതിയ പ്രഭാതത്തെക്കുറിച്ച് നമുക്ക് സന്തോഷവാർത്ത നൽകിയ കുറേ എഴുത്തുകാരും അദ്ദേഹത്തോടൊപ്പം അന്നാപൊളിസിലേക്ക് വിമാനം കയറി. എന്നിട്ടെന്തുണ്ടായി? പലതും സംഭവിച്ചിട്ടുണ്ട്; സമ്മേളനത്തിലും സമ്മേളനശേഷവും. ചിലത് പറയാം.

അബൂമാസിനും അറബ് രാജ്യങ്ങളുടെ വക്താക്കളും പ്രഖ്യാപിച്ച നിബന്ധനകൾ പൂർണമായി അവഗണിക്കപ്പെട്ടിട്ടും അവർ സമ്മേളനത്തിൽ പങ്കെടുത്തു. തന്റെ ആവശ്യങ്ങൾ അവഗണിക്കപ്പെട്ടതു കണ്ടപ്പോൾ ധാരണാ പത്രത്തിൽ ഒപ്പുവെക്കാനറച്ചുനിന്ന അബൂമാസിനെ 'ഈ കളികളൊക്കെ നിർത്ത്, നമുക്ക് ഇപ്പോൾതന്നെ കരാറിലൊപ്പിടേണ്ടതുണ്ട്' എന്ന് അമേരിക്കൻ സ്റ്റേറ്റ്സ് സെക്രട്ടറി ശാസിച്ചതായി ഇസ്രയേലീ പത്രം *ഹാ അരറ്റ്സ്* റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഫലസ്ത്വീൻ പ്രതിനിധി സംഘത്തിന്റെ തലവൻ അഹ്മദ് ഖുറൈഅ് ധാരണാപത്രത്തിൽ ഭേദഗതി ആവശ്യപ്പെട്ടപ്പോൾ 'ഒന്നുകിൽ പ്രഖ്യാപനം അപ്പടി അംഗീകരിക്കുക അല്ലെങ്കിൽ ഞങ്ങളെ ഞങ്ങളുടെ പാട്ടിനു വിടുക' എന്നായിരുന്നു ഇസ്രയേലീ വിദേശകാര്യ മന്ത്രിയുടെ പ്രതികരണം. തുടർന്ന് ഫലസ്ത്വീൻ പ്രതിനിധിസംഘത്തലവൻ വിനയപുരസ്സരം ഒപ്പുചാർത്തി!

ധാരണാപത്രത്തിൽ ഫലസ്ത്വീനികളുടെയോ അറബികളുടെയോ ഒരാവശ്യവും അംഗീകരിക്കപ്പെട്ടിട്ടില്ല. സർവപ്രശ്നങ്ങളും പരിഹരിക്കാൻ എത്രയും പെട്ടെന്ന് ഉഭയകക്ഷി ചർച്ച പുനരാരംഭിക്കാൻ ഇസ്രയേലും ഫലസ്ത്വീൻ അതോറിറ്റിയും ധാരണയിലെത്തിയതാണ് ആകപ്പാടെ അതിലുള്ളത് (ചർച്ചയിൽ അറബ് രാജ്യങ്ങൾക്ക് പ്രവേശനമില്ല. അവ അതിൽ കക്ഷിയുമല്ല). 2008 അവസാനിക്കും മുമ്പ് ഒരു ധാരണയിലെത്താൻ പരമാവധി ശ്രമിക്കുമെന്ന് ഉറപ്പുപറയുന്നുമുണ്ട്. അതിനായി ഒരു സമിതി രൂപവത്കരിക്കും. റോഡ്മാപ്പ് പദ്ധതി മുറുകെപ്പിടിക്കുന്ന കാര്യം ഉറപ്പുവരുത്താൻ ഒരു അമേരിക്കൻ-ഫലസ്ത്വീൻ-ഇസ്രയേൽ സംയുക്ത സമിതിക്കും രൂപം നൽകും. ധാരണാപത്രത്തിൽ പറയുന്ന ചർച്ചയിൽ പുതുതായൊന്നുമില്ല. അത് നേരത്തേ തന്നെ നടന്നുവരുന്നതാണ്. അബൂമാസിനും ഒൽമെർട്ടും ഒമ്പതു തവണ കൂടിക്കാഴ്ച നടത്തുകയുണ്ടായി. രണ്ടാഴ്ച ഇടവിട്ട് അവർ മുറതെറ്റാതെ സംസാരിക്കുന്നുമുണ്ട്.

ചർച്ചയുടെ അടിസ്ഥാനമായി റോഡ്മാപ്പ് പദ്ധതി മാത്രമേ പ്രഖ്യാപനത്തിൽ പരാമർശിക്കുന്നുള്ളൂ. അറബ് സമാധാനപദ്ധതിയെ പാടെ അവഗണിച്ചത് അറബ് രാജ്യങ്ങളുടെ കരണത്ത് കിട്ടിയ അടിയാണ്. എല്ലാവരും മറുത്തൊന്നും പറയാതെ അത് ഏറ്റുവാങ്ങിയിരിക്കുന്നു. അറബ് സമാധാനപദ്ധതി ചർച്ചക്ക് ആധാരമാക്കിയാലേ ഉച്ചകോടിയിൽ പങ്കെടുക്കുകയുള്ളൂവെന്നാണ് നേരത്തേ അവ പ്രഖ്യാപിച്ചിരുന്നത്.

അവഹേളനവും വിധിവൈപരീത്യവും അവിടെയും നിൽക്കുന്നില്ല. റോഡ്മാപ്പ് പദ്ധതി നടപ്പാക്കുന്നതിനു മേൽനോട്ടം വഹിക്കുന്ന സമിതിക്ക് മുതിർന്ന അമേരിക്കൻ ഉദ്യോഗസ്ഥൻ ജനറൽ ജിം ജോൺസ് ആണ് നേതൃത്വം നൽകുക. ഒരു കാലത്ത്, അമേരിക്കൻ ഇസ്രയേലീ സേനകളുടെ യുദ്ധതന്ത്ര ഏകോപനത്തിന്റെ ചുമതല വഹിച്ചയാളാണിദ്ദേഹം!

ഇസ്രയേലിനെ യഹൂദ രാഷ്ട്രം എന്ന് വിശേഷിപ്പിക്കുന്നതിനെ ഫലസ്ത്വീൻ പക്ഷം എതിർത്തിട്ടും ബുഷും ഒൽമെർട്ടും അവരുടെ പ്രസംഗങ്ങളിൽ ഇസ്രയേലിന്റെ യഹൂദീയതയെക്കുറിച്ച് വളരെ വ്യക്തമായി പരാമർശിക്കുകയുണ്ടായി. ഇതോടെ ഇസ്രയേലിനകത്തുള്ള അറബികളെ ആട്ടിയോടിക്കാനുള്ള വഴി തുറന്നിരിക്കുകയാണ്. മറുവശത്ത്, ഫലസ്ത്വീൻ അഭയാർഥികൾക്കു മുമ്പിൽ അവർ വാതിൽ കൊട്ടിയടക്കുകയും ചെയ്തിരിക്കുന്നു.

സമാധാന സമ്മേളനത്തിൽ ഒൽമെർട്ട് വൻ നേട്ടമുണ്ടാക്കിയെന്നും ബുഷ് നടത്തിയ പ്രഖ്യാപനത്തിൽ ഇസ്രയേലീ ഭരണകൂടത്തിലെ വലതുപക്ഷ തീവ്രവാദികളുടെ ആവശ്യങ്ങളാണ് അംഗീകരി

ക്കപ്പെട്ടിരിക്കുന്നതെന്നും ഇസ്രയേലീ ടെലിവിഷന്റെ ചാനൽ 2 വിലയിരുത്തി. സമ്മേളനത്തിൽ ഇസ്രയേലിന്റെ നേട്ടത്തിൽ ആഹ്ലാദം പ്രകടിപ്പിച്ച പ്രമുഖ ഇസ്രയേലീ ഓഫീസർമാർ, ചർച്ചയുടെ ഏക അവലംബമായി റോഡ്മാപ്പിനെ നിർണയിച്ചതിലൂടെ ചർച്ച അവിരാമം തുടരുമെന്ന് പറഞ്ഞതായി *മആരീവ്* പത്രത്തിന്റെ വെബ് സൈറ്റിൽ റിപ്പോർട്ട് വരികയുമുണ്ടായി.

സമ്മേളനം കഴിഞ്ഞ് ഇസ്രയേലിൽ തിരിച്ചെത്തിയ ഉടൻ, ഖുദ്സിനെ കുറിച്ച് ചർച്ചയേയില്ലെന്നും ചർച്ചക്ക് യാതൊരു അന്തിമാവധിയുമില്ലെന്നും ചെറുത്തുനിൽപിന്റെ എല്ലാ അവശിഷ്ടവും തുടച്ചുനീക്കാതെ കരാറില്ലെന്നും ഒൽമെർട്ട് പ്രഖ്യാപിച്ചു. ജൂലാൻ കുന്നുകളുടെ വിഷയവും പൂർണമായി അവഗണിക്കപ്പെട്ടു. സമ്മേളനത്തിൽ സിറിയയെ പങ്കെടുപ്പിക്കാൻ മാത്രമായിരുന്നു ചർച്ചയിൽ അതും ഉൾപ്പെടുത്തുമെന്ന 'വാഗ്ദാനം.'

അറബ് സമാധാന പദ്ധതി അട്ടിമറിക്കപ്പെട്ട ശേഷം രണ്ടു കനത്ത ദുരന്തങ്ങളുമായാണ് ഫലസ്ത്വീനികൾ അന്നാപൊളിസിൽനിന്ന് മടങ്ങിയത്. ധാരണാപത്രത്തിൽ റോഡ്മാപ്പ് മാത്രം ചർച്ചകളുടെ ആധാരമായി അംഗീകരിച്ചതാണ് അവയിലൊന്നാമത്തേത്. 'വിഷൻ ബുഷ്' അനുസരിച്ചാണ് ധാരണാപത്രമുണ്ടാക്കിയിരിക്കുന്നത് എന്നതാണ് രണ്ടാമത്തെ ദുരന്തം. റോഡ്മാപ്പ് മാത്രം ചർച്ചകളുടെ അടിസ്ഥാനമാക്കിയതോടെ ഐക്യരാഷ്ട്രസഭ പ്രമേയങ്ങളടക്കമുള്ള മറ്റു അടിസ്ഥാനങ്ങളെല്ലാം തള്ളിക്കളഞ്ഞിരിക്കുകയാണ്. ഇതോടെ ഫലസ്ത്വീൻ പ്രശ്നം മുഴുവൻ അമേരിക്കയുടെ ചൊൽപടിയിലായിരിക്കുന്നു. ഫലസ്ത്വീനിനും ഇസ്രയേലിനുമിടയിലെ ഏതു തർക്കത്തിലും ഇപ്പോൾ വിധി പറയുന്നതും ഇസ്രയേൽപക്ഷത്തുള്ള അമേരിക്കതന്നെ.

അമേരിക്ക മുന്നോട്ടുവെച്ച റോഡ്മാപ്പിന് മൂന്നു ഘട്ടങ്ങളുണ്ട്. ഒന്നാം ഘട്ടത്തിന്റെ കാര്യത്തിലേ ഇസ്രയേലിന് താൽപര്യമുള്ളൂ. ഫലസ്ത്വീനീ ചെറുത്തുനിൽപിനെ അടിച്ചമർത്തുകയും ഇസ്രയേലുമായി ഫലസ്ത്വീൻ അതോറിറ്റി സുരക്ഷാ സഹകരണം സ്ഥാപിക്കുകയും ചെയ്യണമെന്നാണ് ഈ ഘട്ടത്തിൽ നിർദേശിച്ചിട്ടുള്ളത്. ഇതിനു പകരമായി ഇസ്രയേൽ കുടിയേറ്റം നിർത്തിവെക്കുമത്രെ (നിലവിലുള്ള കുടിയേറ്റക്കാർ തുടരുമെന്നർഥം). 2000-ൽ പിടിച്ചെടുത്ത പ്രദേശങ്ങളിൽനിന്ന് (1967-ൽ അധിനിവേശം നടത്തിയ പ്രദേശങ്ങളിൽനിന്നല്ല) ഇസ്രയേൽ പിൻവാങ്ങുകയും ചെയ്യും. ഒന്നാം ഘട്ടത്തിലെ നിർദേശങ്ങളിൽ ഫലസ്ത്വീൻ നിർവഹിക്കേണ്ടവയാണ് ആദ്യം നടപ്പിലാക്കേണ്ടതെന്ന കാര്യത്തിൽ അമേരിക്കയും ഇസ്രയേലും ഒറ്റക്കെട്ടാണ്. ഫലസ്ത്വീൻ അവ നിർവഹിച്ചാലേ ഇസ്രയേലിന്റെ ഊഴം വരികയുള്ളൂ.

ബുഷിന്റെ 2002-ലെ 'വിഷനി'ൽ രണ്ട് രാഷ്ട്രങ്ങൾ സ്ഥാപിക്കുമെന്നാണ് പറയുന്നത്. ജൂതർക്കു മാത്രമായി ഇസ്രയേലും ഫലസ്ത്വീനികളെ ഇസ്രയേലീ താൽപര്യത്തിനു വിരുദ്ധമാകാത്ത രീതിയിൽ കുടിയിരുത്താൻ ഒരു ഫലസ്ത്വീൻ രാഷ്ട്രവും. ഫലസ്ത്വീനികളുടെ സ്വപ്നത്തിലുള്ള സ്വതന്ത്ര മാതൃരാജ്യവുമായി ഈ രാഷ്ട്രത്തിന് ബന്ധമൊന്നുമില്ല. 'വിഷൻ' പ്രകാരം പരമാധികാരമുള്ള സ്വതന്ത്ര രാഷ്ട്രമല്ല ഫലസ്ത്വീൻ. നിരായുധമായ, താൽക്കാലികാതിർത്തികളുള്ള ഒരു അഴകൊഴമ്പൻ സാധനം. 1967-ൽ ഇസ്രയേൽ അധിനിവേശം നടത്തിയ പ്രദേശങ്ങളിൽ പോലുമല്ല ഈ രാഷ്ട്രം വിഭാവന ചെയ്യപ്പെടുന്നത്.

1967 ജൂൺ 4-ലെ അതിർത്തികളെ കുറിച്ചു പറയാതെ, വെസ്റ്റ് ബാങ്കിലെയും ഗസ്സയിലെയും 6205 ചതുരശ്ര കിലോമീറ്റർ പ്രദേശം ഇസ്രയേലിൽനിന്ന് വീണ്ടെടുക്കാനാണ് താൻ ശ്രമിക്കുന്നതെന്ന് മഹ്മൂദ് അബ്ബാസ് ആവർത്തിക്കുന്നത് ഖേദകരമാണ്. അദ്ദേഹവും ഫലസ്ത്വീൻ അതോറിറ്റിയിലെ മറ്റു ചിലരും ഭൂമി കൈമാറ്റമെന്ന ആശയത്തെ കുറിച്ചും പറഞ്ഞു തുടങ്ങിയിട്ടുണ്ട്. വെസ്റ്റ് ബാങ്കിൽ ജൂതകുടിയേറ്റം തുടരുകയും നഖബ് മരുഭൂമിയിലോ മറ്റോ ഫലസ്ത്വീനികൾക്ക് പകരം ഭൂമി നൽകിയാൽ മതിയെന്നുമാണ് ഇതിനർഥം. അപകടകരമായ ചിന്തയാണിത്. ഭൂമി കൈമാറ്റമെന്ന ആശയം ജനങ്ങളുടെ കൈമാറ്റമെന്ന ആശയത്തിനുകൂടി വഴി തുറക്കും. അതോടെ ഇസ്രയേൽ ജൂതരുടേതു മാത്രമാക്കാൻ ഫലസ്ത്വീനികളെ ആട്ടിയോടിക്കുന്നതും നിയമാനുസൃതമാകും.

വെസ്റ്റ് ബാങ്കിലെ ജലത്തിന്റെ 85 ശതമാനം ഇസ്രയേൽ കവർന്നുകൊണ്ടിരിക്കുകയാണ്. ഈ ഭൂഗർഭ ജലശേഖരത്തിന്റെ 70 ശതമാനത്തിനു മുകളിലാണ് ജൂതകുടിയേറ്റ കേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നത്. ഭൂമി കൈമാറ്റം അംഗീകരിച്ചാൽ ഈ ജലസമ്പത്തും സ്ഥിരമായി ഇസ്രയേലിന്റെ കൈവശമായിത്തീരും. അറബികൾ ഈ കെണിയിൽ വീഴുന്നതാണ് ഏറ്റവും കൂടുതൽ പേടിക്കേണ്ടത്. ■